**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1382** — **31-10-2019 ൽ മറുപടിക്ക്**

## അനധികൃത കൈയ്യേറ്റക്കാർക്ക് പുനരധിവാസ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കിഴക്കേക്കോട്ടയിലെ സംരക്ഷിത മതിലിന് ചുറ്റുമുള്ള കെ.എസ്.ആർ.ടി.സി. യുടെ ഉടമസ്ഥതയിലുള്ള 72.250 സെന്റ് സ്ഥലത്തിലെ അനധികൃത കൈയ്യേറ്റക്കാർക്ക് പുനരധിവാസ നടപടികൾ പൂർത്തിയാക്കിയ ശേഷമേ ഇവർ അനധികൃതമായി കൈയ്യേറിയ സർക്കാർ ഭൂമി ഒഴിപ്പിക്കു എന്നത് സർക്കാർ നയമാണോ എന്ന് വ്യക്തമാക്കുമോ; | (എ) കിഴക്കേക്കോട്ടയിലെ സംരക്ഷിത മതിലിനോട് ചേർന്ന് കെ.എസ്.ആർ.ടി.സി-യ്ക്ക് പട്ടയം നൽകിയ വഞ്ചിയൂർ വില്ലേജ് സർവ്വെ നം. 659-ൽപ്പെട്ട 72.250 സെന്റ് ഭൂമിയിലെ 20 ചെറുകിട കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനിച്ചിരുന്നു. ആയതിൻപ്രകാരമുള്ള പുനരധിവാസ നടപടികൾ സ്വീകരിച്ചുവരുന്നു. പുനരധിവാസ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതാണ്. |
| (ബി) എങ്കിൽ കേരള ഭൂസംരക്ഷണ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിൽ നിന്ന് സർക്കാർ ഒഴിഞ്ഞുമാറുന്നത് ഭൂഷണമാണോ എന്നത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; | (ബി) കേരള ഭൂ സംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ കർശനമായി നടപ്പാക്കുന്നതാണ്. എന്നാൽ കിഴക്കേക്കോട്ടയിൽ അനധികൃതമായി പ്രവർത്തിക്കുന്ന കച്ചവടസ്ഥാപനങ്ങളെ ഒഴിപ്പിക്കുന്നതിന് ഒഴിപ്പിക്കൽ നോട്ടീസ് നൽകിയവരിൽ നീണ്ടകാലയളവായി കുത്തകപാട്ട പ്രകാരം തുക അടച്ച് ഭൂമി കൈവശം വച്ച് വരുന്നവർ ഉൾപ്പെടുന്നു. പിന്നീട് ടി പാട്ടങ്ങൾ റദ്ദാക്കിയിരുന്നു. നീണ്ടകാലയളവായി പാട്ടം അടച്ചുവന്നവരും ഉപജീവനമാർഗ്ഗത്തിനായി ടി സ്ഥലം കച്ചവടത്തിനായി ഉപയോഗിച്ച് വരുന്നതുമായ പ്രത്യേകത കൂടി കണക്കിലെടുത്താണ് ടി വിഷയത്തിൽ പുനരധിവാസം പരിഗണിച്ചത്. |
| (സി) സർക്കാർ ഭൂമി അനധികൃതമായി കൈയ്യടക്കി കച്ചവട സ്ഥാപനങ്ങൾ നടത്തുന്നവർക്ക് സർക്കാർ സഹായത്തോടെ തിരിച്ചടവുള്ള ലോൺ മുഖേന സ്ഥലം കണ്ടെത്തുന്നതിനുള്ള സഹായം നല്കുന്നതിനുള്ള പദ്ധതികൾ ഈ വകുപ്പിൽ ഇല്ലെങ്കിൽ പ്രസ്തുത പദ്ധതികൾ ഉള്ള വകുപ്പിലോ അല്ലെങ്കിൽ സർക്കാർ പൊതുമേഖല ബാങ്കുകളുമായി ആശയവിനിമയം നടത്തി പുതിയ പദ്ധതി തയ്യാറാക്കുന്നതിനോ നടപടി സ്വീകരിക്കുമോ; | (സി) നിലവിൽ പരിഗണനയിലില്ല. |

| | |
|---|---|
| (ഡി) ഈ സംരക്ഷിത മതിലിന് ചുറ്റുമുള്ള അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കണമെന്ന് കാണിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് ഏതെങ്കിലും നിർദ്ദേശങ്ങളുണ്ടായിരുന്നോ; എങ്കിൽ അതു സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ; | (ഡി) യും (ഇ) യും നിർദ്ദേശം ലഭിച്ചിട്ടില്ല. |
| (ഇ) ലഭിച്ച നിർദ്ദേശത്തിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ; അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും ഏതൊക്കെ തീയതികളിൽ സ്വീകരിച്ചു എന്നതും സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**